# എന്റെ സുവിശേഷം

## 2 തിമൊഥെയൊസ് 2:8

**"ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതു ആകുന്നു എന്റെ സുവിശേഷം."**

ദൈവവചനത്തിന്റെ വിലയേറിയ മർമ്മങ്ങളേയും സത്യത്തെയും വെളിപ്പെടുത്തിത്തന്ന പൗലോസിന്റെ ജീവിതയാത്രയുടെ അവസാനഘട്ടത്തിൽ എഴുതിയ ലേഖനമാകുന്നു തിമൊഥിയൊസിനു എഴുതിയ ലേഖനം. തന്റെ കൂട്ടുവേലക്കാരനും, ഒരു മകനു തുല്യം സ്നേഹിക്കുകയും ചെയ്ത തിമൊഥിയൊസിനോടുള്ള സ്നേഹം വലുതായിരുന്നെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയും. യൗവനക്കാരനായിരുന്ന തിമൊഥിയൊസിനെ എഫെസൊസിലെ സഭയുടെ ചുമതല ഏല്പിച്ച് പൗലോസ് റോമിലക്ക് പോകുകയായിരുന്നു. എന്നാൽ എഫെസൊസിൽ അനേക വേദവിപരീതങ്ങളും, ഉപദേശങ്ങളും, തത്വജ്ഞാനികളും ഒക്കെ സത്യസുവിശേഷത്തിനെതിരായി ഉയർന്നുവന്നു. അതിന്റെ നടുവിൽ അവൻ അധൈര്യപ്പെടാതെ, ബലഹീനപ്പെടാതെ വീണ്ടും വീണ്ടും സത്യസുവിശേഷത്തിന്റെ ശക്തിയിൽ ഉറപ്പിക്കുക എന്നതായിരുന്നു പൗലോസിന്റെ ലക്ഷ്യം. 'യേശുക്രിസ്തുവിനെ ഓർത്തുകൊൾക' എന്നാണ് വചനം പറയുന്നത്. ഒരുകാര്യം നാം ഓർത്തിരിക്കണമെങ്കിൽ, തീർച്ചയായും അത് സാധാരണയിൽനിന്നും വ്യത്യസ്തമായ ഒന്നാകണം. നമ്മെ സ്വാധീനിക്കുന്ന ഒന്നാകണം. ഒരു പ്രത്യേകത എന്തായാലും അതിനുള്ളിൽ ഉണ്ടായിരിക്കും. യേശുകർത്താവിനെ ഓർത്തുകൊള്ളുവാൻ, അവനെ അറിയുന്ന ഏവനും പ്രത്യേകത മാത്രമേയുള്ളു. ഇന്ന് യേശുവിനെ ഒരു ഗുരുവായും, പ്രവാചകനായും, ഉപദേഷ്ടാവായും ഒക്കെ അംഗീകരിക്കുന്നവരുണ്ട്. ലോകത്തിലെ പ്രഗത്ഭരായ അനേക വ്യക്തിഗണങ്ങളുടെ കൂട്ടത്തിൽ ഈ നാമവും ഒരു പക്ഷേ ഓർത്തിരിക്കാം, മറന്നു പോകാം. എന്നാൽ നമ്മുടെ കർത്താവ് ദാവീദിന്റെ സന്തതിയിൽ നിന്നു ജനിച്ച് മരിച്ചിട്ട് ഉയർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കുന്നവനു മാത്രമേ അവനെ ഓർക്കുവാൻ കഴിയൂ. ഇതാകുന്നു പ്രിയരേ, സത്യസുവിശേഷം, ഇതാകുന്നു നിത്യസുവിശേഷം.

കർത്താവായ യേശുവിന്റെ മനുഷ്യത്വവും ദൈവത്വവും ഒരുപോലെ വെളിപ്പെടുത്തിത്തന്ന് ഇന്നും ജീവിക്കുന്ന ദൈവത്തിന്റെ ശക്തി എന്തെന്ന് പ്രസ്തുതവാക്യം വെളിപ്പെടുത്തുന്നു. അവൻ കേവലം ഗുരുവല്ല, പ്രവാചകനല്ല, ഉപദേഷ്ടാവും അല്ല. അതേ അവൻ മരണത്തെ ജയിച്ചവനാകുന്നു. അവന്റെ ഒഴിഞ്ഞ കല്ലറ അതിന്റെ സാക്ഷ്യമാകുന്നു. മരണത്തിന്റെമേൽ വരിച്ച ജയം ഇന്ന് അവനിൽ വിശ്വസിക്കുന്ന ഓരോരുത്തന്റെയും ജ്ഞാനമാകുന്നു, ശക്തിയാകുന്നു.

എഫെസൊസിൽ അന്നുണ്ടായിരുന്ന അവസ്ഥയുടെ ഏറെക്കുറെ തത്തുല്യമായ സാഹചര്യങ്ങളിലൂടെതന്നെയാണ് ഇന്നും ലോകം മുന്നോട്ടു പോകുന്നത്. അതിക്രമങ്ങൾ, അവിശ്വാസം, അധർമ്മങ്ങൾ, വിശ്വാസവഞ്ചന, വേദവിപരീതങ്ങൾ എല്ലാം അധികമായി വ്യാപരിക്കുന്നു. ലോകപ്രകാരമുള്ള ജ്ഞാനവും ചിന്തകളും മാത്രം മനുഷ്യൻ ഇഷ്ടപ്പെടുന്നു. സുവിശേഷത്തെയോ, അതിനു ചേർന്നതായ പ്രവർത്തനങ്ങൾക്കോ, പ്രവർത്തിക്കോ ഇതുമൂലം പ്രാധാന്യമില്ലാതെയാകുന്നു. എന്നാൽ അതിന്റെ നടുവിലും വിശ്വാസിയെ ശക്തിപ്പെടുക എന്നതിനുള്ള ദൂതാണ് പ്രസ്തുത വചനം നമുക്ക് തരുന്നത്. തിമൊഥിയൊസിനെ ശക്തിപ്പെടുത്തിയ വചനങ്ങൾ നമ്മുടെയും ശക്തിയാകുന്നു, ജയമാകുന്നു. അവൻ മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു. ഉയിർത്തെഴുന്നേറ്റവന്റെ സാന്നിധ്യം, ശക്തി നമ്മുടെകൂടെ ഉണ്ട്. വിശ്വാസയാത്രയിലെ സകല ശോധനകളെയും മറികടന്ന് സത്യ വചനത്തിനായി നിലകൊള്ളുവാൻ യേശുവിനെ നമ്മുടെ ജീവിതത്തിന്റെ ഒരു ശ്വാസത്തിൽപോലും മറക്കാതെ ഓർത്തു കൊള്ളുവാൻ ഇടയാകട്ടെ. നമ്മെ രക്ഷിച്ച സുവിശേഷം അത് ഒന്നു മാത്രം. “ദാവീദിന്റെ സന്തതിയിൽ നിന്നു ജനിച്ചു, മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റു”. ഈ സുവിശേഷം നമുക്ക് ജീവനും, അനുഗ്രഹവും ആയിത്തീരാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

പരാമർശം:

റോമർ 1:16

സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദന്നും പിന്നെ യവനന്നും അതു രക്ഷെയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ.

സിസ്റ്റർ ബിന്ദു റെജി അയ്മനം 128